# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA EKM(M1).84/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
അങ്കമാലി മുനിസിപ്പാലിറ്റി

സർ,

**വിഷയം : അങ്കമാലി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5. കാര്യാലയപകർപ്പ്

നമ്പർ: KSA EKM(M1).84/2024 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാംകുട്ടി.ടി.എൽ | ജോയിന്റ് ഡയറക്ടർ | 08-01-2024 | 20-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി കവിതാദേവി വി., ഓഡിറ്റ് ഓഫീസർ
2. ശ്രീ. സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
3. ശ്രീമതി ബിന്ദു സദാനന്ദൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീ.സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. ശ്രീ. പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
6. ശ്രീമതി വൃന്ദ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
7. ശ്രീ. കിരൺ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റെജി മാത്യു | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശോഭിനി.ടി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 11-09-2022 |
| ശ്രീ. ശ്രീരാഗ്.എം.എസ് | സെക്രട്ടറി | 12-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ബിന്ദു.കെ.വി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2022 | 03-07-2022 |
| ഡോ.നസീമ നജീബ് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 04-07-2022 | 31-08-2022 |
| ഡോ.ബിന്ദു.കെ.വി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-09-2022 | 31-03-2023 |
| ഡോ.അമ്പിളി.വി | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2022 | 28-12-2022 |
| ഡോ.പ്രീതി.വി | സീനിയർ വെറ്ററിനറി സർജ്ജൻ | 29-12-2022 | 31-03-2023 |
| സണ്ണി.കെ.പി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-05-2022 |
| നൌഫൽ.യു.എസ് | വ്യവസായ വികസന ഓഫീസർ | 01-06-2022 | 15-06-2022 |
| പാർവതി പ്രസാദ്.എ | വ്യവസായ വികസന ഓഫീസർ | 16-06-2022 | 24-10-2022 |
| പ്രിയമോൾ.കെ.പി | വ്യവസായ വികസന ഓഫീസർ | 25-10-2022 | 31-03-2023 |
| ശ്രീമതി. സബീന.ടി.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ശരത്.ബി.ജോഷി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റിയ റസാഖ്.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൽമ.എം.എച്ച് | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2022 | 13-09-2022 |
| ശ്രീമതി. രാജേശ്വരി.എൻ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ (ഇൻ-ചാർജ്ജ്) | 14-09-2022 | 30-11-2022 |
| ശ്രീ. ഓമനക്കുട്ടൻ.എൻ.ടി | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-12-2022 | 31-03-2023 |
| ശ്രീ. സാജു മാർട്ടിൻ | പ്രോജക്ട് ഓഫീസർ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1) | 01-04-2022 | 23-11-2022 |
| ശ്രീ. ശ്രീജയൻ.വി | പ്രോജക്ട് ഓഫീസർ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1) | 24-11-2022 | 31-03-2023 |
| ശ്രീ. നൗഷാദ്.എം.എൻ | പ്രോജക്ട് ഓഫീസർ(ഹെൽത്ത് സൂപ്പർവൈസർ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ലീലാമ്മ.കെ.പി | ഹെഡ്മിസ്ട്രസ്, എം.ജി.എം.ജി.എച്ച്.എസ്, നായത്തോട് | 01-04-2022 | 31-03-2023 |
| ശ്രീമതി. അജിതമോൾ.കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സണ്ണി.കെ.പി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ. നൗഫൽ.യു.എസ് | വ്യവസായ വികസന ഓഫീസർ | 01-06-2022 | 15-06-2022 |
| ശ്രീമതി. പാർവതി പ്രസാദ്.എ | വ്യവസായ വികസന ഓഫീസർ | 16-06-2022 | 24-10-2022 |
| ശ്രീമതി. പ്രിയമോൾ.കെ.പി | വ്യവസായ വികസന ഓഫീസർ | 25-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | പാസ് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-2 |
| 4 | നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-3 |
| 5 | പണമിടപാടില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നഗരസഭയിൽ നിലനിൽക്കുന്നു | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ ക്രമപ്രകാരമല്ല | 1-1-5 |
| 7 | CFC ഗ്രാന്റിന്റെ ട്രഷറിയിൽ നിന്ന് ലഭിച്ച തുകയുടെ വിനിയോഗം AFSൽ ലഭ്യമല്ല | 1-1-6 |
| 8 | കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-1-7 |
| 9 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി നൽകുന്ന മുൻകൂർ തുക സംബന്ധിച്ച് | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനതു വരുമാനം അവലോകനം | 1-11 |
| 20 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 21 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-13 |
| 22 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി - മൂന്നാംഘട്ടം-അധികം ചെലവഴിച്ച തുക തിരിച്ചടക്കണം | 1-14 |
| 23 | പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-15 |
| 24 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല | 1-16 |
| 25 | വീട് മെയിന്റനൻസ് (ജനറൽ)-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 26 | പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. | 1-18 |
| 27 | വയോമിത്രം പ്രൊജക്ടിന് അധിക തുക നല്കി | 1-19 |
| 28 | വീട് മെയിന്റനൻസ് (എസ്.സി)-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 30 | പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം | 1-22 |
| 31 | നഗരസഭ ലൈബ്രറിയിലേക്ക് ബുക്ക് ഷെൽഫുകൾ വാങ്ങൽ - ഫയൽ ഹാജരാക്കിയില്ല. | 1-23 |
| 32 | പീച്ചാനിക്കാട് എസ്.സി. ഫ്ലാറ്റ് നിർമ്മാണം-അപാകത | 1-24 |
| 33 | നഗരസഭ മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - അപാകത | 1-25 |
| 34 | കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയത്- വിനിയോഗവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 35 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ & പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-27 |
| 36 | ഇ-ടെണ്ടർ ഫീസ് നഗരസഭയിൽ അടവാക്കേണ്ടതാണ്. | 1-28 |
| 37 | ഓഡിറ്റ് ഇംപാക്ട്- കുറവ് വന്ന റഗുലറൈസേഷൻ ഫീസ് അടവാക്കി | 1-29 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി-മൂന്നാംഘട്ടം-അധികം ചെലവഴിച്ച തുക തിരിച്ചടക്കണം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1.അങ്കമാലി നഗരസഭയുടെ** 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **25.07.2023 ലെ 2-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **25.07.2023-ാം** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അങ്കമാലി നഗരസഭയുടെ 2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: എറണാകുളം**

**തീയതി:20/03/2024**

**ജോയിന്റ് ഡയറക്ടർ**

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 പാസ് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരുപ്പ് പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് കോഡ് | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | AFS ലെ RP-40(b) പ്രകാരം നീക്കിയിരിപ്പ് (₹) | ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| 1 | 450220200 | Federal Bank-11233 | 0.00 | 5,282.00 |
| 2 | 450220300 | Federal Bank- 222 | 0.00 | 18,781.00 |
| 3 | 450230300 | E.D.C.B - 16 | 0.00 | 28,48,491.00 |
| 4 | 450230500 | EDCB-Kurumassery-005 | 0.00 | 4,231.00 |
| 5 | 450230900 | EDCB - 14 | 31,762.00 | 31,762.00 |
| 6 | 450250100 | Treasury MF A/c I | 0.00 | 15,22,299.00 |
| 7 | 450250101 | STSB (Own Fund) A/c | (-) 20.00 | 95,362.00 |
| 8 | 450250200 | Try Pension Fund (TPA 74) | 0.00 | 3,52,111.00 |
| 9 | 450250400 | TPA 118 | 0.00 | 654.00 |
| 10 | 450250500 | Old PD A/c | 29,797.36 | 29,797.36 |
| 11 | 450410400 | ICICI Bank (NULM)-074201000768 | 0.00 | 1,72,884.00 |
| 12 | 450420700 | ICICI Bank – Swach Bharath PFMS | 0.00 | 26,07,690.00 |
| 13 | 450650101 | MF/MCF II(a) Development Fund (SCP) | 0.00 | 49,00,738.00 |
| 14 | 450650200 | Try MF A/c - III Maintenance Fund | 0.00 | 2,34,616.00 |
| 15 | 450650300 | Try MFA IV - 13th Finance Commission | 0.00 | 1,37,78,576.00 |
| 16 | 450650400 | Try MFA V – World Bank | 0.00 | 45,65,000.00 |

### 1-1-3 നീക്കിയിരിപ്പില്ലാത്ത ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല

AFS ലെ RP-40(a), RP-40 (B) പ്രകാരം താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ (ക്രമ നം. 3, 7 ഒഴികെ) മുന്നിരിപ്പും നീക്കിയിരിപ്പും ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരിപ്പും 0/- ആണെങ്കിലും ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | അക്കൗണ്ട് കോഡ് | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം. | AFS ലെ RP-40(a) പ്രകാരം മുന്നിരുപ്പ് (₹) | AFS ലെ RP-40(b) പ്രകാരം നീക്കിയിരിപ്പ് (₹) | ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | 450210200 | Nationalised Bank – Municipal Fund - 2 | 0.00 | 0.00 | 0.00 |
| 2 | 450250300 | Try TPA 49 Provident Fund | 0.00 | 0.00 | 0.00 |
| 3 | 450250301 | Treasury A/c – COVID - | 10,00,000.00 | 0.00 | 0.00 |

| | | | | | |
|---|---|---|---|---|---|
| | | 799011400006264 | | | |
| 4 | 450250600 | STSB – 188 (Second A/c) | 0.00 | 0.00 | 0.00 |
| 5 | 450250700 | Try Deffered Salary A/c 799012900000312 | 0.00 | 0.00 | 0.00 |
| 6 | 450410300 | Punjab National Bank 4273000109016838 | 0.00 | 0.00 | 0.00 |
| 7 | 450450101 | STSB – COVID CFLTC | No Opening Balance | 0.00 | 0.00 |
| 8 | 450630100 | Scheduled Co-operative Bank – Grant Fund | 0.00 | 0.00 | 0.00 |

### 1-1-4 പണമിടപാടില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നഗരസഭയിൽ നിലനിൽക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി പണമിടപാട് നടത്തിയിട്ടില്ല. ബാങ്ക് പലിശ മാത്രമാണ് വരവായി ലഭിച്ചിരിക്കുന്നത്.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | ബാങ്ക് അക്കൗണ്ടിന്റെ പേര് | അവസാന പണമിടപാട് നടത്തിയ തിയതി | 31.03.2023 ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| 1 | Kerala Gramin Bank 40539101045480 Covid- 19 Donations | Secretary, Angamaly Municipality | 02.07.2021 | 5473/- |
| 2 | HDFC Bank 50100173602210 IDSMT | Secretary, Angamaly Municipality | 16.7.2016 | 3512070/- |
| 3 | Federal Bank 10020100390547 | Secretary, Angamaly Municipality | 09.03.2015 | 42,40,767/- |
| 4 | State Bank Of India 10367020775 | Secretary, Angamaly Municipality | 14.10.2014 | 100412.55 |
| 5 | State Bank Of India 30164049526 | Secretary, Angamaly Municipality | 04.02.2011 | 15,266/- |
| 6 | State Bank Of India 67037300108 | Secretary, Angamaly Municipality | 05.05.2017 | 26,833/- |
| 7 | Soth Indian Bank 0331073000000135 | Secretary, Angamaly Municipality | 30.06.2021 | 495898/- |

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ പണമിടപാട് ഒന്നും ഇല്ലാത്തതിനാൽ ടി അക്കൗണ്ടുകൾ സർക്കാർ ഗ്രാന്റ് ലഭിച്ച അക്കൗണ്ടാണെങ്കിൽ സർക്കാർ നിർദ്ദേശത്തോടെ തിരിച്ചടച്ച് ക്ലോസ് ചെയ്യാനും മറ്റ് അക്കൗണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനും വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

### 1-1-5 ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ ക്രമപ്രകാരമല്ല

നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ താഴെ

സൂചിപ്പിക്കുന്നവ ക്രമപ്രകാരം പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് | എ.എഫ്.എസ്.ലെ നീക്കിയിരിപ്പ് (₹) | ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് (₹) | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് നീക്കിയിരിപ്പ് |
|---|---|---|---|
| Kerala Gramin Bank – AUEGS | ₹10,822/- | ₹10,822/- | ₹18,61,976/- |
| SBI – Net Banking A/c | ₹16,367/- | ₹16,367/- | ₹17,488.56 |
| HDFC – Chairman Relief A/c | ₹18,519/- | ₹18,519/- | ₹17,974/- |
| Canara Bank – Health Grant A/c | ₹83,27,096/- | ₹83,27,096/- | 0 |

### 1-1-6 CFC ഗ്രാന്റിന്റെ ട്രഷറിയിൽ നിന്ന് ലഭിച്ച തുകയുടെ വിനിയോഗം AFSൽ ലഭ്യമല്ല

CFC ഗ്രാന്റിന്റെ Untied Fundൽ 1301324/-രൂപയും, Tied Fundൽ 7615870യ-രൂപയും ട്രഷറിയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി ഫണ്ടിന്റെ വരവ്-ചെലവ് കണക്ക് AFSൽ ലഭ്യമല്ല. കൂടാതെ Tied Fund, Untied Fund എന്നിവ ഇനം തിരിച്ച് AFSൽ വരവ്-ചെലവ് കാണിച്ചിട്ടില്ല.

### 1-1-7 കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗ വിവരം ലഭ്യമല്ല

AFSലെ B4 ഷെഡ്യൂളിലെ 320100100 എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഫണ്ടുകളുടെയും മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരം ലഭ്യമല്ല. എല്ലാ ഫണ്ടുകളുടെയും ആകെ തുകയാണ് കാണിച്ചിരിക്കുന്നത്. ഓരോ ഫണ്ടിന്റെയും കണക്കുകൾ പ്രത്യേകം കാണിക്കേണ്ടതാണ്.

### 1-1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി നൽകുന്ന മുൻകൂർ തുക സംബന്ധിച്ച്

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്ന് മുൻകൂറായി നൽകുന്ന തുക AFSൽ പ്രത്യേകമായി ചേർക്കുകയോ തിരികെ ലഭിക്കാനുള്ള തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

## 1-2 ബജറ്റ്

അങ്കമാലി നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 15.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 21.03.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (15.03.2022 തീയതിയിലെ തീരുമാനം നം. 1) | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (21.03.2023 തീയതിയിലെ തീരുമാനം നം. 1) |
|---|---|---|
| മുന്നിരിപ്പ് | ₹ 16,83,05,454 | ₹ 15,53,18,899 |
| വരവ് | ₹ 47,10,85,028 | ₹ 34,22,83,321 |
| ആകെ വരവ് | ₹ 63,93,90,482 | ₹ 49,76,02,220 |
| ചെലവ് | ₹ 57,07,17,310 | ₹ 33,60,28,725 |
| നീക്കിയിരിപ്പ് | ₹ 6,86,73,172 | ₹ 16,15,73,495 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| 01.04.2022 ലെ മുന്നിരിപ്പ് | ₹ 5,57,67,039.39 |
| തൻ വർഷത്തെ വരവ് | ₹ 23,25,76,177.00 |
| ആകെ | ₹ 28,83,43,216.39 |
| തൻ വർഷത്തെ ചെലവ് | ₹ 22,18,35,002.00 |
| 31.03.2023 ലെ നീക്കിയിരിപ്പ് | ₹ 6,65,08,214.39 |

ഈ പത്രികയിലെ വരവ്-ചെലവുകൾ നഗരസഭയുടെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരുപ്പ് (₹) | ചെലവഴി ക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24947544 | 24947544 | 23754451 | 0 | 1193093 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6339456 | 6339456 | 4757000 | 0 | 816318 (Queue Bill 766138) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21260000 | 21260000 | 15630074 | 0 | 5629926 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 11441000 | 11441000 | 10623329 | 0 | 263548 (Queue Bill 554123) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 13124674 | (RP-24) 15129000 (3)(RP-6) 4412329 (ബാങ്ക് പലിശ) 511668 = 20052997 | 33177671 | (I-6) 18216651 Cap.Contri (539183 + 3866755) 4405938 = 22622589 | 10555082 | (-) 83648 (4) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | | | | | 1506300 (4) |
| **കേന്ദ്രാവിഷ്കൃത ഫണ്ട്-** | | | | | | |
| Swatch Bharath Mission | | 36522 | | 0 | | |
| IDSMT | | 103416 | | 0 | | |
| NULM | | 731209 | | 744309 | | |
| PMAY | | 5251846 | | 4019282 | | |
| ICDS | | 1202900 | | 495328 | | |
| Health Grant | | 8327096 | | 0 | | |
| **ആകെ** | | **15652989** | | **5258919** | | |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ 320100100** | 10632348 | 15652989 | 26285337 | 5258919 | 21026418 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ-** | | | | | | |
| 320200110 – കോവിഡ്-19 | 39037 | 0 | 39037 | 0 | 39037 | |
| 320200205– അങ്കണവാടി നെയിം ബോർഡ് | 60000 | 0 | 60000 | 60000 | 0 | |
| 320802000 (വിവിധ ഫണ്ടുകൾ) | 185780 | 0 | 185780 | 0 | 185780 | |
| 320809900 – സി എസ് ആർ, ആശ്രയ, ബഡ്സ് സ്കൂൾ ഫണ്ടുകൾ | 6919555 | 3206572 | 10126127 | 0 | 10126127 | |

കുറിപ്പ്:-

1.സോഴ്സ് ഡിഡക്ഷൻ ആയി വികസന ഫണ്ട് (ജനറൽ) നിന്ന് കറവ് ചെയ്ത ₹ 13,57,800/- ACR പ്രകാരമുള്ള വരവിൽ ഉൾപ്പെട്ടിട്ടില്ല.

2.വികസന ഫണ്ട് (ജനറൽ)- നിന്ന് ₹ 5,39,116/-, വികസന ഫണ്ട് (എസ് സി പി)- നിന്ന് ₹28,10,500/-, ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് ₹ 44,05,938/-, സംരക്ഷണ ഗ്രാന്റ് (റോഡിതരം)ൽ നിന്ന് ₹ 29,00,560/- എന്നിങ്ങനെ ആസ്തിയായി ക്യാപിറ്റൽ ഫണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3.ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ ആകെ വരവ് വന്ന തുക RP-24 ൽ കാണിച്ചിരിക്കുന്ന ₹1,51,84,000/- ൽ NULM ന്റെ ₹ 55,000/- തെറ്റായി ഉൾപ്പെടുത്തി. യഥാർത്ഥ തുക ₹ 1,51,29,000/- ആണ്.
4. ACR പ്രകാരം CFC Grant ന്റെ Untied Fund ൽ ₹83,648/- അധികം ചെലവഴിച്ചതായും Tied Fund ൽ ₹15,06,300/- Lapsed Fund ആയിയും കാണിച്ചിട്ടുണ്ട്. ടി തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.
5. കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഇനം തിരിച്ചുള്ള മുന്നിരുപ്പും നീക്കിയിരുപ്പും സംബന്ധിച്ച വിവരം B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 231 | 46,86,46,152 | 145 | 9,49,00,473 | 133 | 12 | 86 | 57.57% |

**പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗ വിവരം.**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവിന്റെ % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹24947544 | ₹24947544 | ₹23754451 | 95.22% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹6339456 | ₹6339456 | ₹4757000 | 75.04% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹21260000 | ₹21260000 | ₹15630074 | 73.52% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹11441000 | ₹11441000 | ₹10623329 | 92.85% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant)(UnTied)<br>ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ₹13124674 | ₹19541329 + 511668 (പലിശ) = ₹ 20052997 | ₹33177671 | ₹22622589 | 68.18% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|
| 77,979 | 1,85,07,929 | 1,85,85,908 | 1,85,75,086 | 10,822 |

ആകെ ചെലവിൽ ₹1,18,83,960/- പ്രവൃത്തികൾക്കായും ₹6,91,120/- ഭരണച്ചെലവ് ഇനത്തിലും ₹60,00,000/- നഗരസഭയിലേക്ക് റീഫണ്ട് ചെയ്ത ഇനത്തിലും ₹6/- ബാങ്ക് ചാർജ്ജ് എന്നിങ്ങനെ ചെലവഴിച്ചതാണ്. തൻവർഷം അലോട്ട്മെന്റ് ഇനത്തിൽ ₹1,49,99,751/- (1,50,00,000 – 249), പലിശ ₹8178/-, തനത് ഫണ്ട് അഡ്വാൻസ് ₹35,00,000/- എന്നിങ്ങനെ ആകെ ₹1,85,07,929/-രൂപയാണ് വരവായി ലഭിച്ചത്.

തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ പ്രത്യേകമായി ചേർക്കുകയോ തിരികെ ലഭിക്കാനുള്ള തുക ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ഈ അപാകത പരിശോധിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 47,32,800 | 406 |
| വിധവാ പെൻഷൻ | 1,38,12,200 | 1176 |
| വാർദ്ധക്യകാല പെൻഷൻ | 3,32,36,000 | 3028 |
| വികലാംഗ പെൻഷൻ | 41,15,400 | 345 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 7,85,000 | 75 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2024 തീയതിയിൽ 3.15 പി.എം. സമയത്ത് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1,83,625/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1.വൗച്ചറുകളുടെ പരിപാലനം

നഗരസഭയിലെ ചെലവു വൗച്ചറുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും

വിലയിരുത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2014-15 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.10.19 -12.11.19 | 2017-18 &18-19 | 12.12.2019 |

1-11 തനത് വരുമാനം അവലോകനം

30 വാർഡുകളിലായി വ്യാപിച്ചാണ് അങ്കമാലി നഗരസഭ സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 4 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചില വാടകക്കാർ ഓഡിറ്റ് വർഷം വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ നിന്നും ഓഡിറ്റ് വർഷാവസാനം ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | Arrear (₹) | Current (₹) | Total (₹) |
|---|---|---|---|
| വാടക | 7,89,903 | 99,659 | 8,89,562 |

മേൽ കുടിശ്ശികയിൽ ₹5,22,292/- ടെ കുടിശ്ശിക, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ SMC- യ്ക്ക് വാടയ്ക്ക് കൊടുത്തതിൽ ജി.എസ്.ടി സംബന്ധമായ വിഷയത്തിൽ കേസ് നിലനിൽക്കുന്നതിനാലാണെന്നും ബാക്കിയുള്ള ₹3,32,774/- 2023-24 സാമ്പത്തിക വർഷം അരിയർ ലഭിച്ചിട്ടുണ്ടെന്നും ₹34,496/- ലഭിക്കാനുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (4/11.01.2024) മറുപടി നൽകിയിട്ടുണ്ട്. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ SMC- യ്ക്ക് വാടകയ്ക്ക് നൽകിയ റൂമുകളുടെ ഒഴികെ എല്ലാ റൂമുകളുടെയും വാടകയിൽ പ്രതിവർഷം 5% വർദ്ധനവ് വരുത്തുന്നുണ്ട്.

2)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി നഗരസഭ സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. നഗരസഭയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല. തൊഴിൽ നികുതി ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

3)ലൈസൻസ്

ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. നിലവിൽ നഗരസഭയിൽ ലൈസൻസ് ഫീ അടവാക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന ലിസ്റ്റാണുള്ളത്.

4)വിനോദ നികുതി

നഗരസഭ പരിധിയിലുള്ള KSRTC ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കാർണിവൽ സിനിമാസ് എന്ന 3 സ്ക്രീനുകളോടുകൂടിയ സിനിമാ തീയറ്ററിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ വിനോദ നികുതി ഇനത്തിൽ ₹21,46,827/- നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

സിനിമാ തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി സ്ഥാപനം അടവാക്കിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5)വസ്തു നികുതി

വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വസ്തു നികുതി | തുക (₹) |
|---|---|---|
| 1 | തൻ വർഷം | 45,04,032.00 |
| 2 | മുൻ വർഷങ്ങളിലേത് | 19,32,387.00 |
| | ആകെ | 64,36,419.00 |

ആയത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

6)മറ്റ് വരവുകൾ

മറ്റ് വരവിനങ്ങളിൽ നിന്നും നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ലൈസൻസ് ഫീസ് (നടപ്പ് വർഷം) | ₹25,60 |
| 2 | ലൈസൻസ് ഫീസ് (നടപ്പ് വർഷം) | ₹31,50 |
| 3 | മറ്റ് വരവുകൾ (മുൻ വർഷങ്ങളിലേത്) | ₹1,49,28,999 |
| 4 | മറ്റ് വരവുകൾ (മുൻ വർഷങ്ങളിലേത്) | ₹6,71,32,241 |
| | ആകെ | ₹8,20,66,950 |

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക കൃത്യമായി ഈടാക്കേണ്ടതും വലിയ തുകകൾ കുടിശ്ശിക ഇനത്തിൽ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2.തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3.നഗരസഭ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, ഡിവിഷൻ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4.സിനിമാ തീയറ്റർ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്ന റിടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം

നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

5.നഗരസഭ വാർഡുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-12 തൊഴിൽ നികുതി - അപാകതകൾ

നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/10.01.2024) മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മൌണ്ട് താബോർ പബ്ലിക് സ്കൂൾ | I & II |
| 2 | മത്തായി സൺസ് സൂപ്പർഷോപ്പ് | I & II |
| 3 | പി.ജെ എഞ്ചിനീറിംഗ് | I & II |
| 4 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | I & II |
| 5 | ഡെന്റൽ ഡൈഗ്നോസ്റ്റിക് സെന്റർ | I & II |
| 6 | അറക്കൽ മീറ്റ് മാർക്കറ്റ് | I & II |
| 7 | കൃഷ്ണ പെട്രോളിയം | II |
| 8 | കാർണിവൽ സിനിമാസ് | II |
| 9 | പി.ജെ.ജെ ഇന്റർനാഷണൽ | I & II |
| 10 | ഹാബിറ്റ് ഷൂസ് | I & II |
| 11 | ചിറയ്ക്കൽ കുറീസ് | I & II |
| 12 | ഞാളിയത്ത് ടൈൽസ് | I & II |
| 13 | മർക്കന്റൈൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 14 | സെന്റ് മേരീസ് ലോഡ്ജ് | I & II |
| 15 | കാർമൽ ഗ്ലോബൽ അക്കാദമി | I & II |
| 16 | ന്യൂ കൽപ്പക പ്രൊഡക്റ്റ് | I & II |
| 17 | കൽപ്പക പ്രൊഡക്റ്റ് | I & II |
| 18 | ജൻ ഔഷധി | I & II |
| 19 | ഓർമ മാർബിൾ പാലസ് | I & II |
| 20 | അങ്ങാടിക്കടവ് ക്ഷീരോൽപ്പാദക സംഘം | I & II |
| 21 | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് | I |
| 22 | ഖാദി ഗ്രാമോദ്യോഗ് ഭവൻ | I & II |
| 23 | പാത്താടൻ മെഡിക്കൽസ് | I & II |
| 24 | ധർമ്മൂസ് ഫിഷ് മാർക്കറ്റ് | I & II |
| 25 | അക്ഷയ കേന്ദ്രം (മഞ്ഞപ്ര റോഡ്) | I & II |
| 26 | ഓർത്തോപീഡിക് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | II |
| 27 | ശക്തി ഫാർമസ്യൂട്ടിക്കൽസ് | I & II |
| 28 | ത്രീ സ്റ്റാർ മെഡിക്കൽസ് | I & II |
| 29 | റോസ് മരിയ ഫ്യൂവൽസ് | II |
| 30 | മോഡേൺ റൈസ് മിൽ | I & II |
| 31 | ദീപ എന്റർപ്രൈസസ് | II |
| 32 | കുളങ്ങര ഇന്റൻ സർവ്വീസ് | I & II |
| 33 | സി.ആർ മെഡിക്കൽസ് | I & II |

| | | |
|---|---|---|
| 34 | ഡെന്റൽ വെൽനസ് | I & II |
| 35 | ബാറ്റാ ഷോറൂം | I & II |
| 36 | മലബാർ ഹോട്ടൽ | I & II |
| 37 | ഓർത്തോ ഡെന്റിക് സെന്റർ | I & II |
| 38 | സ്റ്റെറി കെയർ ആയുർവ്വേദ ഹെൽത്ത് ക്ലിനിക് | II |
| 39 | വി.ജെ മെഡിക്കൽസ് | I & II |
| 40 | സൽക്കാർ റെസ്റ്റോറന്റ് | I & II |
| 41 | യോഗക്ഷേമ ഗ്രൂപ്പ് | I & II |
| 42 | സെന്റ് മേരീസ് ഇൻവെസ്റ്റ്മെന്റ് | II |
| 43 | HDFC ലൈഫ് ഇൻഷുറൻസ് | I & II |
| 44 | ഹാന്റെക്സ് ഷോറൂം | I & II |
| 45 | അക്ഷയ ഇ-കേന്ദ്രം അങ്കമാലി | I & II |
| 46 | ആഗ്രോ ഫുഡ്സ് | I & II |
| 47 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ | I & II |
| 48 | മൂലൻസ് എന്റർപ്രൈസസ് | I & II |

2)തൊഴിൽ നികുതി രജിസ്റ്ററിലെ 8,9,24 വാർഡുകളിലെ മാത്രം സ്ഥാപനങ്ങളിലെ തൊഴിൽ നികുതി (Institutions/Professionals/Traders) അടവാക്കിയത് സംബന്ധിച്ച പരിശോധനയിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധവർഷ നികുതി (Institutions/Traders) | വാർഡ് |
|---|---|---|---|---|
| 1 | സെൻട്രൽ ബാങ്ക് | II | 1250 | 8 |
| 2 | എൻ.എഫ്.സി ഫിനാൻസ് | II | 750 | ” |
| 3 | അങ്കമാലി ഫാഷൻസ് | II | 450 | ” |
| 4 | കെ.എൽ.എം | II | 1250 | ” |
| 5 | ശക്തി ഫാർമസ്യൂട്ടിക്കൽസ് | I & II | 1250 | ” |
| 6 | ലക്ഷ്മി ജ്വല്ലറി | I & II | 750 | ” |
| 7 | നിള പാലസ് | I & II | 450 | ” |
| 8 | ടി.എം.ജെ ഫിനാൻസ് ലിമിറ്റഡ് | I & II | 1000 | ” |
| 9 | അറാഫാ മാഞ്ഞാലി ബിരിയാണി | II | 1000 | ” |
| 10 | എലോറ ഫാബ്രിക് ബാഗ്സ് | I & II | 600 | ” |
| 11 | ആഗ്രോ എഞ്ചിനീറിംഗ് വർക്ക്ഷോപ്പ് | I & II | 600 | 9 |
| 12 | ഡിവൈൻ പിഗ് ഫാം | I & II | 750 | ” |
| 13 | ഗാർഡൻ ഐസ്ക്രീം | II | 450 | 24 |
| 14 | ചിപ്പി സൈക്കിൾ | I & II | 600 | ” |
| 15 | ഇന്ത്യൻ ഓട്ടോ സ്പെയേഴ്സ് | I & II | 450 | ” |
| 16 | എസ്.എസ് അസോസിയേറ്റ്സ് | I & II | 750 | ” |
| 17 | സുനിതാസ് ടെക്സ്റ്റൈൽസ് | I & II | 450 | ” |

| | | | | |
|---|---|---|---|---|
| 18 | ഹൈടെക് ഇലക്ട്രോണിക്സ് | I & II | 450 | ” |
| 19 | യുണീക് ഫാഷൻ | I & II | 450 | ” |
| 20 | ന്യൂ ഫെഡറൽ സർവ്വീസ് | II | 600 | ” |
| 21 | ബെഡ് ഹബ് ഷോപ്പ് | I & II | 1250 | ” |

ക്രമ നം. 1, 2 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3)2022-23 വർഷത്തെ ബാലൻസ് ഷീറ്റ് (B-15) പരിശോധിച്ചതിൽ താഴെ ചേർക്കും പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം | തൊഴിൽ നികുതി | തുക |
|---|---|---|
| 1 | Institutions /Professionals/Traders (Currentt) | ₹2,51,153 |
| 2 | Institutions /Professionals/Traders (Arrear) | ₹3,73,153 |
| ആകെ | | ₹6,24,306 |

കുടിശ്ശിക തുകയിൽ ₹1,67,350/- പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക വീണ്ടും നോട്ടീസ് നൽകി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

അങ്കമാലി നഗരസഭയിൽ മുൻകൂറുകൾ കൈപ്പറ്റിയശേഷം ക്രമീകരിച്ചിട്ടില്ലാത്തതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ ആൾ | തുക (₹) | വിഷയം | വൗച്ചർ നംപർ/ തീയതി |
|---|---|---|---|---|
| 1. | സരിത എം.എൽ ജെ എച്ച് ഐ | 5000/- | മാലിന്യ നിർമ്മാർജനം | 75/15.06.2022 |
| 2. | ഉമാ ദേവി.പി.ബി ജെ എച്ച് ഐ | 200000/- | സ്വാതന്ത്ര്യദിന ആഘോഷം | 49/8.8.2022 |
| 3. | ഉമാ ദേവി.പി.ബി ജെ എച്ച് ഐ | 100000/- | കേരളോത്സവം | 52/12.11.2022 |

ആയവ ഇതിനോടകം ക്രമീകരിച്ചിട്ടുള്ള പക്ഷം പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് 18/18.01.2024 നംപർ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ 4.10.2011ലെ ഉത്തരവ് നംപർ 419/2011 പ്രകാരം മുൻകൂറുകൾ മൂന്നു മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രതിവർഷം 18% നിരക്കിൽ പിഴപലിശ ഈടാക്കേണ്ടതാണ്. പിഴപലിശ സഹിതം മുൻകൂർ ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി - മൂന്നാംഘട്ടം-അധികം ചെലവഴിച്ച തുക തിരിച്ചടക്കണം

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0138/23- ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി - മൂന്നാംഘട്ടം. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | ₹1,00,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹84,326/- |

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി – മൂന്നാംഘട്ടം പ്രോജക്ടിൽ രോഗനിർണ്ണയത്തിനായി ഹോസ്പിറ്റലിൽ നടത്തിയ വിവിധ ടെസ്റ്റുകളുടെ (അൾട്രാ സൗണ്ട് സ്കാൻ, മാമ്മോഗ്രം Etc..) ഫീസ് താലൂക്ക് ഹോസ്പിറ്റൽ എച്ച്.എം.സി ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ ക്രമ നം 1 പ്രകാരം ക്രമീകരിച്ച ₹ 10,500/-ന്റെ ബിൽ തെറ്റായി വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതായി കാണുന്നു. ബിൽ നമ്പർ-73/15.02.23, ബിൽ നമ്പർ-95/17.03.23 എന്നിവ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 10,500/- രൂപ ഒരേ ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരമാണ്. ഇപ്രകാരം രണ്ടുതവണ ബിൽ മാറിയെടുത്തതുമൂലം വികസന ഫണ്ടിൽ നിന്നും ₹10,500/- അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി. യിലും നിക്ഷേപിച്ചിട്ടുള്ള തുകകളിൽ 31.3.23 ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഹെഡ് കോഡ് | സ്ഥാപനം | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 460600100 | കെ.എസ്.ഇ.ബി | ₹22,10,775/- | ₹3,60,328/- | ₹ 2,79,419/- | ₹ 22,91,684/- |
| 460600300 | കേരള വാട്ടർ അതോറിറ്റി | ₹24,18,000/- | ₹34,60,000/- | ₹ 7,93,951/- | ₹ 50,84,049/- |

വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകൾ ഏതെല്ലാം പ്രവൃത്തികൾക്കായി ഏത് വർഷങ്ങളിൽ എത്ര തുക നിക്ഷേപിച്ചിട്ടുള്ളതാണ് എന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കേണ്ടതാണെന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് ഏത് പ്രോജക്ടിന്റെ ആണെന്നും ബാക്കി തുക ലഭിക്കാൻ ഉണ്ടോ എന്നും വ്യക്തമാക്കേണ്ടതാണെന്ന് അറിയിച്ച് 16.01.2024 ലെ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-16 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ താൽപര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ നല്കിയിരുന്നു. (നമ്പർ 3 തീയതി 11-1-24, നമ്പർ 22 തീയതി 19-1-24)

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ് തുക (₹) | ബിൽനമ്പർ/ തീയതി |
|---|---|---|---|
| 1/23 | ഐ.കെ.എം. ന് പ്രവർത്തനഫണ്ട് നൽകൽ | 137997/-(പൊതുവിഭാഗം ജനറൽ) | 111/31-8-22 |
| 178/23 | കോക്ലിയാർ മെയ്ന്റനൻസിന് തുക നല്കൽ | 100000/-(പൊതുവിഭാഗം ജനറൽ) | 199/28-12-22 |
| 104/23, | SSA വിഹിതം നല്കൽ | *1298884*/-(വികസനഫണ്ട് ജനറൽ) | 112/31-8-2022 |
| 259/23 | ടെക്നോളജിക്കൽ കോൺക്ലേവിന് ശുചിത്വമിഷന് തുക നൽകൽ | 100000/-(ധനകാര്യകമ്മീഷൻ അവാർഡ്) | 237/1-2-23 |

| | | | |
|---|---|---|---|
| | ആകെ | 1636881/- | |

ഇതിൽ ടെക്നോളജിക്കൽ കോൺക്ളേവിന് തുക നല്കൽ സംബന്ധിച്ച് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനും എല്ലാ പ്രൊജക്റ്റുകളുടേയും വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിനുമായി നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ₹1636881/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 വീട് മെയിന്റനൻസ് (ജനറൽ)-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0023/23-വീട് മെയിന്റനൻസ് (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| അടങ്കൽ | ₹71,97,700/-( തനത ഫണ്ട്) |
| ചെലവ് | വൗച്ചർ നം.82/17.06.22-₹2,05,000/- |
| | വൗച്ചർ നം.75/12.07.22-₹3,41,500/- |
| | വൗച്ചർ നം.73/20.08.22-₹6,95,000/- |
| | വൗച്ചർ നം.39/10.11.22-₹7,75,000/- |
| | വൗച്ചർ നം.92/28.11.22-₹13,99,900/- |
| | വൗച്ചർ നം.52/28.12.22-₹7,22,000/- |
| | വൗച്ചർ നം.91/23.01.23-₹1,53,000/- |
| | വൗച്ചർ നം.88/24.02.23-₹67,500/- |
| | വൗച്ചർ നം.65/17.03.23-₹47,500/- |
| | വൗച്ചർ നം.95/27.03.23-₹93,500/- |
| | ആകെ ₹44,99,900/- |

പൊതു വിഭാഗം ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 2021-22 ലെ പ്രോജക്റ്റിൽ ( എസ്.137/22)ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ബാലൻസ് തുക നൽകുന്നതിനാണ് സ്പിൽ ഓവർ പ്രോജക്റ്റായി 2022-23 ൽ നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം ഇതിലേക്കായി തനതു ഫണ്ടിൽ നിന്നും ₹44,99,900/-ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ₹44,52,400/-മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വൗച്ചർ നം.65/17.03.23 പ്രകാരം നൽകിയ ₹47,500/-യുടെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ 30വാർഡുകളിലെ തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കാണ് രണ്ട് ഗഡുക്കളായി തുക നൽകിയിട്ടുള്ളത്. ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ സബ്സീഡി മാർഗ്ഗരേഖ പ്രകാരമല്ല.

ഗുണഭോക്താവ് അംഗീകൃത ലൈസൻസി മുഖേന തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് അംഗീകരിച്ചതിനുശേഷമാണ് ആദ്യ ഗഡു നൽകിയിട്ടുള്ളത്. പിന്നീട് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം സ്ഥലപരിശോധന നടത്തി നൽകുന്ന റിപ്പോർട്ടനുസരിച്ച് രണ്ടാം ഗഡുവും നൽകിയിരിക്കുന്നു. എന്നാൽ അനുവദിച്ച തുക കണക്കാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നതിൽ വ്യക്തതയില്ല. കൃത്യമായ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല തുക നൽകിയിട്ടുള്ളത്. വീട് വാസയോഗ്യമാക്കൽ- പൊതുവിഭാഗത്തിന് പരമാവധി ₹1,00,000/-നൽകാമെങ്കിലും ₹20,000/-യാണ് പല ഗുണഭോക്താക്കൾക്കും നൽകിയിട്ടുള്ളത്. എന്നാൽ പരിമിതമായ ഗുണഭോക്താക്കൾക്ക് ₹20,000/-ൽ കൂടുതലോ /കുറവോ ആയി തുക അനുവദിച്ച് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ഒന്നാം ഗഡു (₹) | രണ്ടാം ഗഡു(₹) | ആകെ അനുവദിച്ച തുക(₹) | അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക(₹) | മൂല്യനിർണ്ണയം പ്രകാരം (₹) |
|---|---|---|---|---|---|---|
| 1 | സുഷമ വാസുദേവൻ ( 2/306) | 10,000 | 15,000 | 25,000 | 25,000 | 35,000 |
| 2 | മേരി പാപ്പൂട്ടി (23/286) | 10,000 | 10,000 | 20,000 | 25,000 | 30,000 |

| | | | | | | |
|---|---|---|---|---|---|---|
| 3 | റോസിലി ബെന്നി (5/156(1)) | 10,000 | 10,000 | 20,000 | 30,000 | 24,000 |
| 4 | ഹേമലത പ്രകാശൻ ( 16/94) | 7,000 | 7,000 | 14,000 | 28,000 | 28,000 |
| 5 | ലിസി ജോണി തച്ചിൽ (23/382) | 8,000 | 8,000 | 16,000 | 25,000 | നടത്തിയിട്ടില്ല |

ആനുകൂല്യം ലഭിച്ചിട്ടുള്ള എല്ലാ ഗുണഭോക്താക്കളുടെയും ഫയൽ പരിശോധനയ്ക്ക് ലഭ്യാമായിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമോ / മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരമോ അല്ല തുക നൽകിയിട്ടുള്ളതെന്ന് കാണാം.

മാർഗ്ഗരേഖയിലെ (ജി.ഒ.(എം.എസ്).നം 115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6.7(4)) നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28/19.01.2024) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ വീട് മെയിന്റനൻസ് പൂർത്തിയാക്കി മുഴുവൻ തുക നൽകിയിട്ടുണ്ടോയെന്ന് പൂർണ്ണമായും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾ ആവർത്തിക്കാതെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-18 പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 258/23, നഗരസഭ ഓഫീസിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |
| അടങ്കൽ | ₹191479/- |
| ചെലവ് | ₹95740/- |
| ബിൽ നമ്പർ | 324/13-3-23 |

മേൽ പ്രോജക്റ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ പദ്ധതിനടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട ഏജൻസിയായ കെൽട്രോണിന് ആകെ അടങ്കൽ തുകയുടെ 50% ആയ ₹95740/- നല്കിയിട്ടുള്ളതായി കാണുന്നു. പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടോ, ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ മുതലായ വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 25 തീയതി 19-1-24) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സോഫ്റ്റ്‌വെയറിൽ ഫീഡ് ചെയ്യുന്നതിനായി ജീവനക്കാരുടെ പേര്, തസ്തിക മുതലായ പ്രാഥമിക വിവരങ്ങൾ ക്രോഡീകരിക്കുന്ന നടപടികൾ നടക്കുന്നതായാണ് ഫയൽ പരിശോധനയിൽ ബോധ്യപ്പെടുന്നത്. പ്രൊജക്റ്റ് പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവഴിച്ച ₹95740/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 വയോമിത്രം പ്രൊജക്ടിന് അധിക തുക നല്കി**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 105/23, വയോമിത്രം പദ്ധതിക്ക് പ്രവർത്തന ഫണ്ട് നൽകൽ |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |
| അടങ്കൽ | ₹1500000/- |
| ചെലവ് | ₹1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്) |
| ബിൽ നമ്പർ | 238/4-2-23 |

മേൽ പ്രൊജക്റ്റ് പ്രകാരം ₹1500000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. 6-5-2013 ലെ 1209/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പത്ത് ലക്ഷം രൂപയാണ് വയോമിത്രം പ്രവർത്തനഫണ്ട് ആയി നിശ്ചയിച്ചിട്ടുള്ളത്. ഈ തുക ഏതെങ്കിലും സർക്കാർ ഉത്തരവ് മുഖേന വർധിപ്പിച്ചതായി കാണുന്നില്ല. തുക തുടർവർഷങ്ങളിൽ അടക്കേണ്ടതില്ലെന്നു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തെങ്കിലും ഉത്തരവ്

നൽകിയിരുന്നില്ല എന്ന് 2-6-2019 ലെ കോർഡിനേഷൻ കമ്മിറ്റി 3.3 തീരുമാനപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. മുൻ സർക്കാർ ഉത്തരവ് നിലനില്ക്കുന്നതിനാലാണ് ഇപ്പോഴും തുക അടക്കുന്നതെന്നും സൂചിപ്പിച്ചിരിക്കുന്നു. മേൽ തുക അടക്കുന്ന രീതി തുടരണമോയെന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരാൻ തദ്ദേശവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന്മേൽ തുടർന്ന് നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ, നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പത്ത് ലക്ഷം രൂപ നല്കാനാണ് അനുമതിയുള്ളത്. എന്നാൽ തുക 15 ലക്ഷമായി വർധിപ്പിച്ച് അനുവദിക്കണമെന്ന് 5-10-2020 ലെ നമ്പർ എ4/3285/18/kssm(64) കത്ത് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അങ്കമാലി നഗരസഭയോട് അഭ്യർഥിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനത്തോടെ (നം 2/15-6-2021) 15 ലക്ഷം രൂപ അനുവദിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നമ്പർ 16 തീയതി17-1-24)നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക വർധിപ്പിച്ച് നല്കുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്നും നല്കിയ തുകക്കുള്ള വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ₹1500000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 വീട് മെയിന്റനൻസ് (എസ്.സി)-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0026/23-വീട് മെയിന്റനൻസ് (എസ്.സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| അടങ്കൽ | ₹3,00,000/-( വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹2,75,000/- |

എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 2021-22 ലെ പ്രോജക്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ബാലൻസ് തുക നൽകുന്നതിനാണ് സ്പിൽ ഓവർ പ്രോജക്റ്റായി 2022-23 ൽ മേൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | വാർഡ്/വീട്ട് നമ്പർ | അനുവദിച്ച തുക (₹) | ബിൽനം, തീയതി | മുൻപ് അനുവദിച്ചത് ഉൾപ്പെടെ ആകെ അനുവദിച്ച തുക (₹) |
|---|---|---|---|---|---|
| 1 | പി.വി ബാബു, പാറാടത്ത് വീട് | 11/320 | 75,000 | 46/24.06.2022 | 1,50,000 |
| 2 | ഉഷ അശോകൻ | 20/100 | 75,000 | 56/08.07.2022 | 1,50,000 |
| 3 | ഓമന കുട്ടപ്പൻ, കോട്ടായിൽ | 15/ | 75,000 | 100/26.08.2022 | 1,50,000 |
| 4 | ബീന സുബ്രമണ്യൻ, തൊണ്ടിക്കരപ്പറമ്പിൽ | 27/223 | 50,000 | 234/01.02.2023 | 1,25,000 |

ഇതിൽ ക്രമ നം 4 ലെ ഗുണഭോക്താവായ ബീന സുബ്രമണ്യൻ 27/223 നമ്പർ കെട്ടിടത്തിൽ വാടകക്ക് താമസിക്കുന്ന വ്യക്തിയാണ്. നഗരസഭയിൽ നിന്നും നൽകിയിട്ടുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് പ്രകാരം ഈ കെട്ടിടം അയ്യപ്പൻ, അയ്യപ്പൻ ആർത്തിക്കുട്ടം വീട്, അങ്കമാലി എന്ന വ്യക്തിയുടെ പേരിലുള്ളതാണ്. കെട്ടിടത്തിന്റെ യഥാർത്ഥ ഉടമയ്ക്കല്ലാതെ വീട് മെയിന്റനൻസിന് തുക അനുവദിച്ചത് ശരിയായ നടപടിയല്ല. വാടകക്കെടുത്തയാൾ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും കെട്ടിട ഉടമയുടെ യാതൊരു രേഖയും ഫയലില്ല. ആയതിനാൽ കെട്ടിട ഉടമ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടതാണോ, നിർദ്ദിഷ്ട വരുമാന പരിധിയിൽ

വരുന്നതാണോ എന്നും പരിശോധിക്കാനായിട്ടില്ല. ഇപ്രകാരം കെട്ടിട ഉടമയുടെ യാതൊരു രേഖകളും പരിഗണിക്കാതെയാണ് വാടകക്കാരന് വീട് മെയിന്റനൻസിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. പട്ടിക ജാതി വിഭാഗക്കാർക്ക് എഞ്ചിനീയറിംഗ് വിഭാഗം നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന പരമാവധി ₹1,50,000/-ആണ്. എന്നാൽ പണി പൂർത്തിയാക്കിയതിനു ശേഷമുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലപരിശോധന നടത്തിയ ഓവർസീയറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 20/18.01.2024) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അപാകതകൾ ആവർത്തിക്കാതെ ഇത്തരം പ്രോജക്റ്റുകൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ക്രമ നം.4ലെ ഗുണഭോക്താവ് ഈ ആനുകൂല്യത്തിന് അർഹയല്ലാത്തതിനാൽ അനുവദിച്ച ₹1,25,000/- ൽ തൻവർഷത്തെ ചെലവ് തുകയായ ₹50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അങ്കമാലി നഗരസഭ 2022-23 സാമ്പത്തികവർഷം തനതുഫണ്ടിൽ നിന്നും ചെലവഴിച്ച പ്രവൃത്തികളിൽ ചുവടെ ചേർക്കുന്നവയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹2,39,893/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വൗച്ചർനം/തീയതി ചെക്ക്നംപർ/തീയതി | തുക (₹) | ഓഡിററ് എൻക്വയറി നല്കിയ വിവരം |
|---|---|---|---|---|
| 1 | പോസ്ററു മാററുന്നതിനായി കെ.എസ്.ഇ.ബി.ക്കു അനുവദിച്ച തുക | 77/7.6.2022 | 13,393/- | 15/17.01.2024 |
| 2 | ഖരമാലിന്യ നിർമമാർജനം പരിപാടികളുടെ ആതറൈസേഷനു വേണ്ടി പൊല്യൂഷൻ ബോർഡിനു അനുവദിച്ച തുക | 115/23.3.23 | 20,000/- | 21/19.01.2024 |
| 3 | പഴയ ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനുള്ള ഡിപി ആർ തയ്യാറാക്കുന്നതിന് തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിന് അനുവദിച്ച തുക | 962778/21.06.2022 | 2,06,500/- | 31/20.01.2024 |
| | ആകെ | | 2,39,893 | |

## 1-22 പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം

അങ്കമാലി നഗരസഭയിൽ നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിവരുന്ന പി.എം.എ.വൈ ഭവന നിർമാണ പദ്ധതിയിൽ ചുവടെ ചേർക്കും പ്രകാരം 9 ഡി.പി.ആർ കളിലായും, പ്രളയദുരിതാശ്വസപദ്ധതിയിൽ ഉൾപ്പെടുത്തിയും 358 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്.

| ഡി.പി.ആർ. നമ്പർ & അംഗീകരിച്ച തീയതി. | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം ആരംഭിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|---|
| ഡി.പി.ആർ 1/21.03.2017 | 23 | 23 | 22 |
| ഡി.പി.ആർ 2/30.10.2017 | 60 | 60 | 58 |
| ഡി.പി.ആർ 3/29.11/2017 | 13 | 13 | 10 |
| ഡി.പി.ആർ 4/30.01.2019 | 107 | 107 | 95 |
| FLOOD | 16 | 16 | 16 |
| ഡി.പി.ആർ 5/27.12.2019 | 64 | 64 | 55 |
| ഡി.പി.ആർ 6/ 16.08.2021 | 18 | 14 | 4 |
| ഡി.പി.ആർ 7/ 23.03.2022 | 12 | 9 | 6 |
| ഡി.പി.ആർ 8/ 18.11.2022 | 31 | 14 | 0 |
| ഡി.പി.ആർ 9/ 16.08.2023 | 14 | 1 | 0 |
| ആകെ | 358 | 321 | 266 |

ഇതിൽ 321 പേർ കരാറിലേർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങുകയും, 266 പേർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പെടെ രണ്ട് പ്രോജക്റ്റുകളിലായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പി.എം.എ.വൈ ഭവന പദ്ധതി (എസ്.ഒ.0025/23) അടങ്കൽ₹21,60,000/-(വികസന ഫണ്ട്-ജനറൽ) | | പി.എം.എ.വൈ ഭവന പദ്ധതി (എസ്115/23) അടങ്കൽ₹21,00,000/-(വികസന ഫണ്ട്-ജനറൽ) | |
|---|---|---|---|
| വൗച്ചർ നം, തീയതി | തുക (₹) | വൗച്ചർ നം, തീയതി | തുക (₹) |
| 03/21.01.22 | 5,20,000 | 104/30.08.22 | 1,20,000 |
| 23/17.05.22 | 2,40,000 | 132/18.10.22 | 2,40,000 |
| 43/18.06.22 | 2,00,000 | 160/17.11.22 | 4,00,000 |
| 47/24.06.22 | 1,60,000 | 171/02.12.22 | 4,00,000 |
| 51/27.06.22 | 40,000 | 191/16.12.22 | 1,20,000 |
| 65/07.07.22 | 3,20,000 | 216/11.01.23 | 3,20,000 |
| 76/21.07.22 | 2,40,000 | 259/14.02.23 | 80,000 |
| 94/23.08.22 | 4,00,000 | 452/31.03.23 | 4,00,000 |
| 105/30.08.22 | 40,000 | - | - |
| ആകെ | 21,60,000 | ആകെ | 20,80,000 |

ഭവനനിർമാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളും നഗരസഭ സെക്രട്ടറിയുമായുള്ള കരാർ പ്രകാരം കരാർ ചമച്ച് ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കേണ്ടതാണ്. 2017 ൽ അംഗീകാരം ലഭിച്ച ആദ്യ 3 ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾ പോലും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമാണം കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-23 നഗരസഭ ലൈബ്രറിയിലേക്ക് ബുക്ക് ഷെൽഫുകൾ വാങ്ങൽ - ഫയൽ ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 28/23, നഗരസഭ ലൈബ്രറിയിലേക്ക് ബുക്ക് ഷെൽഫുകൾ വാങ്ങൽ |
| നിർവ്വഹണം | മുനിസിപ്പൽ സെക്രട്ടറി |
| അടങ്കൽ | ₹108606/- |
| ചെലവ് | ₹108606/- |
| ബിൽ നമ്പർ | 71/8-7-22 |

മേൽ പ്രൊജക്റ്റ് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 27 തീയതി 19-1-24) നല്കിയിരുന്നു. മറുപടിയോടൊപ്പം ലഭ്യമാക്കിയ ഫയൽ പ്രോജക്ട് 08/20 യുമായി ബന്ധപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ ₹108606/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 പീച്ചാനിക്കാട് എസ്.സി. ഫ്ലാറ്റ് നിർമ്മാണം-അപാകത**

| | |
|---|---|
| പ്രോജക്ട് നം, പേര് | 103/2023 പീച്ചാനിക്കാട് എസ്.സി. ഫ്ലാറ്റ് നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | 4289456/-(എസ്.സി.പി. ഫണ്ട് ) |
| ചെലവഴിച്ച തുക | 2810500/- |
| ബിൽ നം./ചെക്ക് നം. | 13/2023/25.02.2023-₹9,51,485/-<br>15/2023/27.02.2023-₹9,83,782/-<br>29/13.03.2023 - ₹ 875233/-<br>-------------------<br>₹28,10,500/- |

അങ്കമാലി നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പീച്ചാനിക്കാട് എസ്.സി. ഫ്ലാറ്റ് നിർമ്മാണം 2020-21 സാമ്പത്തിക വർഷം ആരംഭിച്ച പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. എം 6 യൂണിറ്റ് ഫ്ലാറ്റുകളാണ് ഇപ്പോൾ പൂർത്തീയാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അങ്കമാലി നഗരസഭാ പരിധിയിലെ പട്ടികജാതി വിഭാഗത്തിൽ പ്പെട്ട ഭൂരഹിത -ഭവനരഹിത കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നല്കുക എന്ന ലക്ഷ്യത്തോടെ 60 M2 വിസ്തീർണ്ണമുള്ള 24 അപ്പാർട്ട്മെന്റുകൾ 3 നിലകളിലായി നിർമ്മിച്ച് നല്കുന്ന പദ്ധതിയാണ് പീച്ചാനിക്കാട് എസ്.സി ഭവനനിർമ്മാണ പദ്ധതി. ഓരോ ഫ്ലോറിലും 6 അപ്പാർട്ടുമെന്റുകൾ എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുണ്ട്. താഴത്തെ നിലയിലെ 6 അപ്പാർട്ടുമെന്റുകളാണ് നിലവിൽ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചത്. ഓരോ അപ്പാർട്ടുമെന്റുകളിലും 1 ഹാൾ, 1 ബെഡ് റൂം, അടുക്കള, എന്നിങ്ങനെ ഒരു ചെറിയ കുടുംബത്തിന് താമസിക്കാവുന്ന രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | തീയതി | ചെലവ് തുക (₹) |
|---|---|---|
| 1 | 30.03.2022 | 486973 |
| 2 | 25.02.2023 | 951485 |
| 3 | 27.02.2023 | 983782 |
| 4 | 13.03.2023 | 875233 |
| 5 | 07.07.2023 | 1042813 |
| | ആകെ | 4340286 |

ഇതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1. ബഹുവർഷ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും ഓരോ വർഷവും

നടപ്പിലാക്കേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി നിർവ്വഹണ കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുമാണ്. 2018-19 വർഷം പദ്ധതി തയ്യാറാക്കി തുക വകയിരുത്തിയെങ്കിലും പ്രവൃത്തി ആരംഭിച്ചത് 2020-21 ൽ മാത്രമാണ്. നിലവിലും ബാക്കി പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുവർഷ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

2. ഈ ഭവനസമുച്ചയത്തിൽ ആദ്യഘട്ടത്തിൽ 30 ച.മീ. വിസ്തീർണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും പിന്നീട് മാറ്റം വരുത്തി ഒരു കുടുംബത്തിന് 60 ച.മീ. വിസ്തീർണ്ണം ആക്കുകയാണ് ഉണ്ടായത്. ആയതിനാൽ രണ്ടാം ഘട്ടം ഫ്ലാറ്റ് നിർമ്മിക്കുമ്പോൾ ഒരു കുടുംബത്തിന് അനുയോജ്യമായ വിസ്തീർണ്ണം ലഭ്യമാകും വിധം അപ്പാർട്ട്മെന്റുകൾ ഡിസൈൻ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഈ ഫ്ലാറ്റുകളിൽ ഗുണഭോക്താക്കൾ താമസം തുടങ്ങുമ്പോൾ ജൈവ-അജൈവമാലിന്യ സംസ്കരണത്തിന് നിലവിൽ സംവിധാനം കാണുന്നില്ല. നഗരസഭ പണിയിച്ചുകൊടുക്കുന്ന ഒരു കെട്ടിട സമുച്ചയത്തിൽ ഉറവിടമാലിന്യസംസ്കരണത്തിന് സ്ഥിരസംവിധാനം ഒരുക്കി മാതൃക കാണിക്കാനും നഗരസഭയ്ക്ക് ഉത്തരവാദിത്തമുണ്ട്.

4. പാടശേഖരത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ വെള്ളക്കെട്ട് ഒഴിവാക്കാനാവശ്യമായ ഡ്രെയിനേജ് സംവിധാനം ഒരുക്കാനും ശ്രദ്ധിക്കേണ്ടതാണ്.
5. മേൽപദ്ധതി പൂർത്തീയാക്കുന്ന വേളയിയിൽ ഒരു ഗുണഭോക്താവിന് ലഭിക്കുന്ന സാമ്പത്തിക ആനുകൂല്ല്യം ലൈഫ് ഭവനപദ്ധതിയിലെ ഗുണഭോക്താവിന് ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യവുമായി വളരെയധികം അന്തരം ഉണ്ടാകുന്നു.
6. മേൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പോരായ്മകൾ കൂടി പരിഹരിച്ച് സംസ്ഥാനത്തിന് മൊത്തം മാതൃകയാക്കാവുന്ന ഒരു ഭവനപദ്ധതിയാക്കി ഈ ഫ്ലാറ്റ് സമുച്ചയ ഭവനപദ്ധതിയെ മാറ്റാൻ നഗരസഭ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-25 നഗരസഭ മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - അപാകത

| | |
|---|---|
| പ്രോജക്ട് നം, പേര് | 61/2023 നഗരസഭ മാർക്കറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹5417670/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | ₹3866755/- |
| ബിൽ നം./ചെക്ക് നം. | 12/2023/24.01.2023- Rs.2163313/-<br>16/2023/24.01.2023- Rs. 978374/-<br>42/27.03.2023- Rs. 725068/-<br>-------------------------------<br>₹3866755/- |

അങ്കമാലി നഗരസഭ മാർക്കറ്റിൽ മലിനജലം സംസ്കരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (Effluent Treatment Plant-ETP) സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഒരു കോടി പത്തുലക്ഷം രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി, 2020-21 വർഷം രൂപീകരിച്ച പദ്ധതി കേരള സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ KEL (Kerala Electrical & Allied Engineering Co Ltd) കൊച്ചി യൂണിറ്റ് മുഖേനയാണ് നടപ്പിലാക്കിയത് ഇതുമായി ബന്ധപ്പെട്ട് ETP(Effluent Treatment Plant) നിർമ്മിച്ചത് ദിവസം 25000 ലിറ്റർ മലിനജലം ശുദ്ധീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ നിലവിൽ ശുദ്ധീകരണ പ്രവൃത്തി തൃപ്തികരമായി നടപ്പാക്കിയിട്ടില്ല.

2) പദ്ധതിയുമായി ബന്ധപ്പെട്ട് ₹715529/- റിട്ടെൻഷൻ തുക തിരികെ നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. മേൽ പദ്ധതി തൃപ്തികരമായി പൂർത്തിയാക്കിയതായി വ്യക്തമല്ല. പ്രവൃത്തിയുടെ ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കിയതിന്റെ

മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. നിലവിൽ പദ്ധതിയുടെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

**1-26 കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയത്- വിനിയോഗവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നം, പേര് | 61/2023 നഗരസഞ്ചയ പ്രവർത്തനങ്ങൾ-വിവിധ വാർഡുകളിൽ വാട്ടർലൈൻ സ്ഥാപിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹30,00,000/-(തനത് ഫണ്ട് ) |
| ചെലവഴിച്ച തുക | ₹30,00,000/- |
| ബിൽ നം./ചെക്ക് നം. | 101311/04.02.2023 |

വിവിധ വാർഡുകളിൽ വാട്ടർലൈൻ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, ആലുവയ്ക്ക് ₹30,00,000/- നൽകിയെങ്കിലും പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള നീളത്തിൽ പൈപ്പിടൽ പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ 16.01.2024ൽ നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-27 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ & പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല**

എ)

| | |
|---|---|
| പ്രോജക്ട് നം, പേര് | 63/2023 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹1500000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | ₹360328/- |
| ബിൽ നം./ചെക്ക് നം. | 10/22-23- 257099/-<br>38/27.03.2023-103229 |

അങ്കമാലി നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെഎസ്.ഇ.ബി യ്ക്ക് ₹3,60,328/- നൽകിയെങ്കിലും പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമാക്കുന്നതുവരെ ₹3,60,328/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ 17.01.2024ൽ നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

**ബി)**

| | |
|---|---|
| പ്രോജക്ട് നം, പേര് | 188/2023 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹1005000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | ₹4,60,000/- |
| ബിൽ നം./ചെക്ക് നം. | UTR No.22315009085<br>11.11.2022 |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ₹4,60,000/-നൽകിയെങ്കിലും പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിനിയോഗ വിവരംലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതുവരെ ₹4,60,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 ഇ-ടെണ്ടർ ഫീസ് നഗരസഭയിൽ അടവാക്കേണ്ടതാണ്.**

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി അങ്കമാലി നഗരസഭ എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ (നം.6717292156) 31.03.2023 ൽ ₹496064/- നീക്കിയിരിപ്പുണ്ട്. മേൽ അക്കൌണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശയും നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു. 2022-23 സാമ്പത്തിക വർഷം വരെയുള്ള ടെൻഡർ ഫീ തുക നഗരസഭാ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-29 ഓഡിറ്റ് ഇംപാക്ട്- കുറവ് വന്ന റഗുലറൈസേഷൻ ഫീസ് അടവാക്കി

അങ്കമാലി നഗരസഭയിലെ 24-ാം വാർഡിൽ റീസർവ്വേ നമ്പർ 15/13 ൽ പെട്ട സ്ഥലത്ത് നിലവിലുള്ള വാണിജ്യകെട്ടിടവും (24/975 A(u/a) - 703.80 $M^2$) അധിക നിർമ്മാണവും (318.88 $M^2$) BA-131/22-23 പ്രകാരം റഗുലറൈസ് ചെയ്ത് നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിലെ അധികനിർമ്മാണത്തിന് ഈടാക്കിയ രാജിയാക്കൽ ഫീസിൽ കുറവ് വന്ന ₹3189/- ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന്(നം 12/16.01.2024) R-M070300-23000389 തീയതി 20.01.2024 നം. രസീത് പ്രകാരം അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ/ തീയതി | പേര് | Existing കെട്ടിടത്തിന്റെ വിസ്തീർണ്ണം | Regulari Zation Plan പ്രകാരമുള്ള ഏരിയ | അധികമായി നിർമ്മിച ഏരിയ | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| BA-131/ 22-23 19.08.2022 | ജോർജ്ജ് ഫ്രാൻസിസ്, മൂഞ്ഞേലി വീട് | 703.80 $M^2$ (വാണിജ്യം) | 1022.68 $M^2$ | 318.88 $M^2$ | 318.88*10*2= 6377.6/- (6378 രൂപ) | 318.88*10= 3188.8 (3189 രൂപ) (രസീത് നം. 122010107766/ 15.10.22 | 6378 -3189= 3189/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി-മൂന്നാംഘട്ടം-അധികം ചെലവഴിച്ച തുക തിരിച്ചടക്കണം

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0138/23- ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി- മൂന്നാംഘട്ടം. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 1,00,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1.ബിൽ നമ്പർ-73/15.02.23-₹ 10,500/-<br>2.ബിൽ നമ്പർ-90/06.03.23-₹ 10,920/-<br>3.ബിൽ നമ്പർ-95/17.03.23-₹ 10,500/-<br>4.ബിൽ നമ്പർ-93/17.03.23-₹ 4,178/-<br>5.ബിൽ നമ്പർ-99/17.03.23-₹ 36,350/-<br>6.ബിൽ നമ്പർ-100/17.03.23-₹ 3,248/-<br>7.ബിൽ നമ്പർ-113/29.03.23-₹8,630/-)<br>ആകെ ₹84,326/- |

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി-മൂന്നാംഘട്ടം പ്രോജക്റ്റിൽ രോഗനിർണ്ണയത്തിനായി ഹോസ്പിറ്റലിൽ നടത്തിയ വിവിധ ടെസ്റ്റുകളുടെ (അൾട്രാ സൗണ്ട് സ്കാൻ, മാമ്മോഗ്രം Etc..) ഫീസ് താലൂക്ക് ഹോസ്പിറ്റൽ എച്ച്.എം.സി ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ ക്രമ നം 1 പ്രകാരം ക്രമീകരിച്ച ₹ 10,500/-ന്റെ ബിൽ തെറ്റായി വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതായി കാണുന്നു. ബിൽ നമ്പർ-73/15.02.23, ബിൽ നമ്പർ-95/17.03.23 എന്നിവ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 10,500/- രൂപ ഒരേ ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരമാണ്. ഇപ്രകാരം രണ്ടുതവണ ബിൽ മാറിയെടുത്തുമൂലം വികസന ഫണ്ടിൽ നിന്നും ₹ 10,500/- അധികച്ചെലവുണ്ടായിട്ടുണ്ട്.

പരിശോധിച്ച് അധികം പിൻവലിച്ച ₹10,500/-ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 05/12.01.2024) തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. വികസനഫണ്ടിൽ നിന്നുള്ള ₹10,500/-യുടെ അധികച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ നം | ബിൽ നമ്പർ/തിയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ - എസ് 0163/23 | 200/28.12.2022 | 2,57,099 | - | 2,57,099 |
| | | 392/23.3.2023 | 1,03,229 | - | 1,03,229 |
| ആകെ | | | 3,60,328 | - | 3,60,328 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ - എസ് 0188/23 | 143/26.10.2022 | 4,60,000 | - | 4,60,000 |
| | നഗരസഞ്ചയ പ്രവർത്തനങ്ങൾ – വിവിധ വാർഡുകളിൽ വാട്ടർ ലൈൻ സ്ഥാപിക്കൽ - എസ് 0092/23 | | 30,00,000 | - | 30,00,000 |
| ആകെ | | | 34,60,000 | - | 34,60,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാ തിരിച്ചടവ്

**ഇല്ല.**

### 4-6 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | 7,26,82,262 |
| തൻവർഷം നിക്ഷേപിച്ച തുക | പുതിയ നിക്ഷേപം | 50,75,000 |
| | പലിശ നിക്ഷേപിച്ചത് | 28,07,995 |
| ആകെ | | 8,05,65,257 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | 8,05,65,257 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | വർഷാരംഭ തുക (₹) | പലിശ ലഭിച്ചത് (₹) | വർഷാവസാന തുക (₹) |
|---|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് | 10.03.23 | 3മാസം | 2636904 | 95897 | 2732801 |
| 2 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 16.11.22 | 6 മാസം | 13993281 | 793143 | 13993281 |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 16.11.22 | 100 ദിവസം | 50,00,000 | 157084 | 5000000 |
| 4 | എസ്.ബി.ഐ | 09.12.22 | 6 മാസം | 8055207 | 366538 | 8421745 |
| 5 | കേരള ഗ്രാമീൺ ബാങ്ക് (I) | 26.12.22 | 6 മാസം | 7685168 | 392566 | 8077734 |
| 6 | കേരള ഗ്രാമീൺ ബാങ്ക് (II) | 29.07.22 | 1 വർഷം | 11968414 | 650998 | 12619412 |
| 7 | കേരള ഗ്രാമീൺ ബാങ്ക് (III) | 29.07.22 | 1 വർഷം | 11968414 | 650998 | 12619412 |
| 8 | കേരള ഗ്രാമീൺ ബാങ്ക് (IV) | 29.07.22 | 1 വർഷം | 5687437 | 325499 | 6012936 |
| 9 | കേരള ഗ്രാമീൺ ബാങ്ക് (V) | 29.07.22 | 1 വർഷം | 5687437 | 325499 | 6012936 |
| 10 | ഫെഡറൽ ബാങ്ക് | 31.03.23 | 15 മാസം | 0 | 0 | 5000000 |
| 11 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 20.02.23 | 100 ദിവസം | 0 | 0 | 75000 |
| | | | | 7,26,82,262 | 37,58,222 | 8,05,65,257 |

**കുറിപ്പ്:-**എറണാകുളം ജില്ലാ സഹകരണ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നിവയിലെ പലിശ ഒഴികെയുള്ള തുകയാണ് വീണ്ടും നിക്ഷേപിച്ചിട്ടുള്ളത്. ക്രമ നം. 2, 3 എന്നിവയിലെ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള പലിശയായ ₹793143/- സൗത്ത് ഇൻഡ്യൻ ബാങ്കിൽ നിന്നുള്ള

പലിശയായ ₹157084/- കൂടി ആകെ ₹950227/- Interest On Fixed Deposits എന്ന ഹെഡിലാണ് (170100100) വരവ് വച്ചിരിക്കുന്നത്.

നഗരസഭയിൽ നിലവിൽ 8 കോടിയിലധികം രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. എന്നാൽ സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശ വളരെ കുറവാണ്. ആയതിനാൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന ബാങ്ക്/ട്രഷറിയിലേക്ക് സ്ഥിര നിക്ഷേപങ്ങൾ മാറ്റിയിടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് പ്രകാരം ഇക്വറ്റി ഷെയറുകളുടെ രൂപത്തിൽ ₹6,74,000/-യുടെ നീക്കിയിരുപ്പുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിക്ഷേപത്തീയതി | ഷെയറുകളുടെ മൂല്യം (₹) | നിക്ഷേപം നടത്തിയ സ്ഥാപനം |
|---|---|---|
| 31.03.2014 | 5,00,000 | ക്ലീൻ കേരള മിഷൻ (കെ.യു.ആർ.ഡി.എഫ്.സി) |
| 24.01.2015 | 1,74,000 (1740x100) | ” |
| ആകെ | 6,74,000 | |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ അതാതു വരവിനങ്ങളുടെ മുൻവർഷ (Arrear) വരവായാണ് ഓഡിറ്റ് റിക്കവറിയിലൂടെ ലഭിച്ച തുക ചേർത്തിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ വ്യക്തിയുടെ പേര് | രസീത് നമ്പർ/തിയതി |
|---|---|---|---|---|---|
| 1 | 2019-20 | 1-13-3 | 360 | അക്ഷയകേന്ദ്രം | 122010109979/ 01.12.2022 |
| 2 | 2019-20 | 1-13-3(16) | 1200 | NTC നിധി | 122010105793/ 20.09.2022 |
| 3 | 2019-20 | 1-13-1 | 600 | ജോസഫ്.ജെ.പാറേക്കാട്ടിൽ | 122010111756/ 17.01.2022 |
| 4 | 2019-20 | 1-13-1(10) | 900 | S S ട്രാൻസ്പോർട്ട് | 122010114083/ 24.02.2023 |
| 5 | 2019-20 | 1-13-3(18) | 1500 | E T ദേവസ്സി & സൺസ് | 122010105838/ 28.09.2022 |
| 6 | 2019-20 | 1-13-3(12) | 1200 | തിരുവോണം നിധി | 12010105409/ 16.09.2022 |
| 7 | 2019-20 | 1-13-3(6) | 5700 | ചിറക്കൽ മോട്ടോർസ് | 122010106047/ 24.09.2022 |
| 8 | 2020-21 | 1-12(86) | 2500 | ഹംസകോയ | 122010109357/ 18.11.2022 |
| 9 | 2019-20 | 1-13-3(1) | 1200 | ജോളി ഏലിയാസ് | 122010100078/ 01.12.2022 |
| 10 | 2020-21 | 1-12(6) | 2500 | നൈജോ അരീക്കൽ | 122010110039/ 02.12.2022 |

| | | | | | |
|---|---|---|---|---|---|
| 11 | 2020-21 | 1-12-28 | 600 | ലിസ്സി ബാബു | 122010108560/ 03.11.2022 |
| 12 | 2019-20 | | 1250 | പി.വി.ബേബി | 122010104929/ 12.09.2022 |
| 13 | 2019-20 | | 1250 | അഷറഫ്.ടി.മുഹമ്മദ് | 122010102439/ 20.06.2022 |
| 14 | 2019-20 | | 2500 | ഹരികൃഷ്ണൻ | 122010101388/ 19.05.2022 |
| 15 | 2019-20 | | 2500 | അഖിൽ.എം.ബാബു | 122010100112/ 07.04.2022 |
| 16 | 2019-20 | | 2500 | കെ.എം.ബാബു | 12201010089/ 06.04.2022 |
| 17 | 2020-21 | 1-12(38) | 450 | ലാസർ | 122010109267/ 16.11.2022 |
| 18 | 2020-21 | 1-12(39) | 1250 | അഡ്വ.വർഗ്ഗീസ് | 122010109309/ 17.11.2022 |
| 19 | 2020-21 | 1-12-52 | 1250 | സജി ജോർജ്ജ് | 122010109388/ 18.11.2022 |
| 20 | 2020-21 | 1-12-50 | 450 | റീന ജോസ് | 122010109441/ 21.11.2022 |
| 21 | 2020-21 | 1-12-54 | 1500 | സാൻജോ ജോസഫ് | 122011100290/ 24.11.2022 |
| 22 | 2020-21 | 1-12-48 | 1200 | കാന്റീൻ | 122010113188/ 15.02.2023 |
| 23 | 2020-21 | 1-12-31 | 2500 | ലിജി ജോയ് | 122010115785/ 18.03.2023 |
| 24 | 2020-21 | 1-12-26 | 1250 | അങ്കമാലി ഹയർ പർച്ചേസ് | 122010109328/ 17.11.2022 |
| 25 | 2020-21 | 1-12-27 | 1200 | രഘുനാഥൻ | 122010109497/ 22.11.2022 |
| 26 | 2020-21 | 1-12-74 | 600 | സജി റോക്കി | 122010110467/ 13.12.2022 |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-7 | 2006-07 | 4 (16) | നായത്തോട് MGM HSS +2 കെട്ടിട നിർമ്മാണം- 1,38,150/- രൂപ -നിരാകരണം | നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർക്ക് 19.05.2016 ൽ കത്തയച്ചിട്ടുണ്ട്. കേസും നിലവിലുണ്ട്. |
| 2006-07 | 2-6 | 2009-10 | 3.1.5(1) | മാർക്കറ്റ് കോംപ്ലക്സ് - വൻ- വാടക കുടിശ്ശിക | കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു |

| | | | | സംബന്ധിച്ച് | |
|---|---|---|---|---|---|

## 4-9 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹23,25,76,177.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹22,18,35,002.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹10,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹74,51,448.00 |

(ബി)നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹10,500/- | ഡോ. ബിന്ദു കെ.വി, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 14,36,881/- | ശ്രീമതി. ശോഭിനി ടി.വി, അസി.എക്സി.എൻജിനീയർ (മുനിസിപ്പൽ സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-16 | 2,00,000/- | ശ്രീ. ശ്രീരാഗ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-18 | 95,740/- | ശ്രീ. ശ്രീരാഗ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-19 | 15,00,000/- | ശ്രീ. ശ്രീരാഗ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-20 | 50,000/- | ശ്രീ. ശ്രീജയൻ വി പ്രോജക്ട് ഓഫീസർ, |
| 1-21 | 2,19,893/- | ശ്രീമതി. ശോഭിനി ടി.വി, അസി.എക്സി.എൻജിനീയർ (മുനിസിപ്പൽ സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-21 | 20,000/- | ശ്രീ. ശ്രീരാഗ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-23 | 1,08,606/- | ശ്രീമതി. ശോഭിനി ടി.വി, അസി.എക്സി.എൻജിനീയർ (മുനിസിപ്പൽ സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-26 | 30,00,000/- | ശ്രീ. ശരത് ബി ജോഷി, അസിസ്റ്റന്റ് എൻജിനീയർ |
| 1-27 | 8,20,328/- | ശ്രീ. ശരത് ബി ജോഷി, അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | **74,51,448/-** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) |
|---|---|---|

| | | |
|---|---|---|
| | | ഔദ്യോഗിക മേൽവിലാസം |
| ഡോ. ബിന്ദു കെ.വി, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | അച്യുതം ഹൗസ്, കല്ലുപാലം നഗർ, കോതകുളങ്ങര, അങ്കമാലി | താലൂക്ക് ആശുപത്രി അങ്കമാലി |
| ശ്രീമതി. ശോഭിനി ടി.വി, അസി.എക്സിക്യൂട്ടീവ് എൻജിനീയർ (മുനിസിപ്പൽ സെക്രട്ടറി-ഇൻ-ചാർജ്ജ്) | കൃഷ്ണപ്രഭ വീട്, മേമുഖം, മണീട് പി.ഒ 686664 | അസി.എക്സി.എൻജിനീയർ അങ്കമാലി നഗരസഭ |
| ശ്രീ. ശ്രീരാഗ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി | ചോതി, മുള്ളറംകോട്, മണമ്പൂർ പി.ഒ | മുനിസിപ്പൽ സെക്രട്ടറി ചെങ്ങന്നൂർ നഗരസഭ |
| ശ്രീ. ശരത് ബി ജോഷി, അസിസ്റ്റന്റ് എൻജിനീയർ | ബ്ലായിൽ വീട്, മറ്റൂർ, കാലടി പി.ഒ | അസിസ്റ്റന്റ് എൻജിനീയർ അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് |
| ശ്രീ. ശ്രീജയൻ വി പ്രോജക്റ്റ് ഓഫീസർ | ശ്രീമംഗലം തഴവ പി.ഒ. കരുനാഗപ്പള്ളി, കൊല്ലം | ഹെൽത്ത് ഇൻസ്പെക്ടർ കൊല്ലം കോർപ്പറേഷൻ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1966-67 | എൽ.എഫ്.ഇ(ഇ3)4243/76 തീ:25.11.1975 |
| 1969-70 | എൽ.എഫ്.ഇ(ഇ3)4243/76 തീ:25.11.1975 |
| 1970-71 | എൽ.എഫ്.ഇ(ഇ3)4243/76 തീ:25.11.1975 |
| 1971-72 | എൽ.എഫ്.ഇ(ഇ3)4243/76 തീ:25.11.1975 |
| 1973-74 | എൽ.എഫ്.ഇ(എം2)1915/88 തീ:08.09.1989 |
| 1974-75 | എൽ.എഫ്.ഇ(എം2)1414/77 തീ:18.08.1989 |
| 1975-76 | എൽ.എഫ്.ഇ(എം2)1488/88 തീ:18.08.1989 |
| 1976-77 | എൽ.എഫ്.ഇ(എം2)1591/88 തീ:09.09.1988 |
| 1977-78 | എൽ.എഫ്.ഇ(എം2)1532/88 തീ:09.09.1988 |
| 1978-79 | എൽ.എഫ്.ഇ(എം2)1612/89 തീ:16.08.1989 |
| 1979-80 | എൽ.എഫ്.ഇ(എം2)2051/88 തീ:06.09.1989 |
| 1980-81 | എൽ.എഫ്.ഇ(എം1)1915/88 തീ:08.09.1989 |
| 1981-82 | എൽ.എഫ്.ഇ(എ01)1205(1)/94 തീ:15.05.1995 |
| 1982-83 | എൽ.എഫ്.ഇ(എം1)1205(1)/94 തീ:15.05.1995 |
| 1983-84 | എൽ.എഫ്.ഇ(എം1)1228(1)/93 തീ:15.05.1995 |
| 1984-85 | എൽ.എഫ്.ഇ(എം1)554/93 തീ:24.12.1991 |
| 1985-86 | എൽ.എഫ്.ഇ(എം1)147/87 തീ:15.04.1992 |
| 1986-87 | എൽ.എഫ്.ഇ(എം1)147/87 തീ:15.04.1992 |

| | |
|---|---|
| 1987-88 | എൽ.എഫ്.ഇ(ഇ3)1262/93 തീ:01.10.1994 |
| 1988-89 | എൽ.എഫ്.ഇ(ഇ3)548/96 തീ:06.08.1996 |
| 1989-90 | എൽ.എഫ്.ഇ(ഇ3)548/96 തീ:06.08.1996 |
| 1990-91 | എൽ.എഫ്.ഇ(ഇ3)549/96 തീ:17.10.1996 |
| 1991-92, 1994-95 | എൽ.എഫ്.ഇ(ഇ3)1214/97 തീ:10.07.1997 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ(ഇ)970/04 തീ:12.11.2004 |
| 1999-2000 (ചെലവ്) | എൽ.എഫ്.ഇ(ഇ3)1223/06 തീ:17.10.2007 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ(എം1)233/05 തീ:04.11.2005 |
| 2001-02 (വരവ്) | എൽ.എഫ്.ഇ(എം1)1318/09 തീ:11.10.2010/05.02.2011 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ(എം1)113/04 തീ:12.01.2007 |
| 2000-01 (വരവ്) | എൽ.എഫ്.ഇ(എം1)1317/09 തീ:07.12.2010/05.02.2011 |
| 2002-03 | എൽ.എഫ്.ഇ(എം1)1319/09 തീ:11.10.2010/05.02.2011 |
| 2003-04 | എൽ.എഫ്.ഇ(എം1)1320/09 തീ:07.12.2010/02.04.2011 |
| 2004-05 | എൽ.എഫ്.ഇ(എം1)907/11 തി:29.10.2011/03.01.2012 |
| 2005-06 | എൽ.എഫ്.ഇ(എം1)908/11 തീ:13.02.2011/10.02.2012 |
| 2006-07 | എൽ.എഫ്.ഇ(എം1)793/08 തീ:29.01.2009/12.04.2009 |
| 2008-09 | എൽ.എഫ്.ഇ(എം1)1305/11 തീ:04.05.2012/11.07.2012 |
| 2009-10, 2010-11 | എൽ.എഫ്.ഇ(എം1)1478/13 തീ:03.10.2013/11.11.2013 |
| 2011-12 | എൽ.എഫ്.ഇ(എം1)1368/14 തീ:08.10.2014/13.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 924/2015/ 17.09.2015 |
| 2013-14&14-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1007/2016/ 05.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1) 53/2017/ 07.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1) 1774/2017/ 07.11.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1) 150/2019/ 21.03.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(എം1) 1838/2019/ 10.01.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(എം1) 317/22/ 11.07.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(എം1)961/2022/ 16.08.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(എം1)2130/2022/ 17.04.2023 |

റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 25-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Angamaly Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Angamaly Municipality for the year 2022-2023

**Date: 20/03/2024**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Angamaly Municipality for the Year 2022-2023 .

**1.Major Observations**

1. Non inclusion of **Notes to Accounts** in Financial statements and non disclosure of material facts.

2. Pass books of various bank accounts are not submitted for audit.

3. Zero balances passbooks are not submitted for audit.

4. Bank accounts with no transaction still shown in AFS.

5. Bank account reconciliation of various bank accounts is not done correctly.

**2.Other Observations**

1. Utilisation of CFC grant (Untide fund and tied fund) is not included in AFS
2. Utilisation of Central Government Fund is not included in AFS
3. Advance amount given for implementation of AUEGS project is not shown in Balance Sheet of AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്